# ഉറുക്കും ഏലസും

[ Malayalam - മലയാളം - مليالم ]

﴿ خطر التمائم والحروز ﴾

വിവര്‍ത്തനം: അബ്ദുറസാഖ് സ്വലാഹി

ترجمة: عبد الرزاق صلاحي




കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
ദീര: – റിയാദ് – സൗദി അറേബ്യ

اعداد : المكتب التعاوني للدعوة وتوعية الجاليات بغرب الديرة

بمدينة الرياض ، المملكة العربية السعودية

Web Edition by:

islamhouse.com

1431 - 2010

بسم الله الرحمن الرحيم

സത്യവിശ്വാസിയും, മുസ്ലിമുമായ ഒരു ദാസന്റെ മനസ്സിൽ തന്റെ രക്ഷിതാവിനെ കുറിച്ച് വിശ്വാസം സുദൃഢമാവുകയും അല്ലാഹു രാജാധിരാജനും സർവ്വ കാര്യങ്ങളുടേയും കൈകാര്യകർത്താവും, അവന്റെ അനുവാദമില്ലാതെ എന്തെങ്കിലുമൊന്ന് പ്രവർത്തിക്കുവാൻ ഈ പ്രപഞ്ചത്തിൽ ഒരാൾക്കും സാധ്യമല്ലെന്നും, സർവ്വ സൃഷ്ടികളുടേയും മൂർദ്ധാവ് അവന്റെ നിയന്ത്രണത്തിലാണെന്നും അവൻ ഉദ്ദേശിക്കുന്നത് മാത്രമേ സംഭവിക്കുകയുള്ളൂവെന്നും അല്ലാത്തവ സംഭവിക്കുകയില്ലെന്നും അംഗീകരിക്കുന്നതോടെ ആളുകളെ അത്താണിയായി കാണുന്ന അവസ്ഥയിൽ നിന്ന് മുക്തമായി, അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുന്നതിനുള്ള ദൃഢനിശ്ചയം വിശ്വാസികളിൽ ഉണ്ടായിത്തീരും. അല്ലാഹു പറഞ്ഞിരിക്കുന്നു:

وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ (سورة الطلاق : 3)

(ആര് അല്ലാഹുവിന്റെ മേൽ (കാര്യങ്ങളെല്ലാം) ഭരമേൽപ്പിക്കുന്നുവോ അവന് അവൻ തന്നെ മതിയാകും.) - സൂറത്ത് ത്വലാഖ് :3

ഈ ഉന്നതമായ പദവിയിൽ എത്തുവാൻ ഒരാൾക്ക് സാധിച്ചാൽ അയാളായിരിക്കും മനുഷ്യരിൽ ഏറ്റവും ധൈര്യവാൻ. ഉന്നതമായ യശസ്സും അയാൾക്കുണ്ടായിരിക്കും. അല്ലാഹുവിനെ അല്ലാതെ മറ്റൊരാളെയും അയാൾ ഭയപ്പെടുകയുമില്ല. കാരണം ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവുമായാണ് അയാൾ ബന്ധപ്പെടുന്നത്. സർവ്വകാര്യങ്ങളുടേയും നിയന്ത്രണവും കൈകാര്യവും അല്ലാഹുവിനാണ് എന്ന വസ്തുത അംഗീകരിക്കുന്നതോടെ അവനിലേക്ക് മാത്രമായി ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു.

എന്നാൽ ചില മഹാൻമാർക്ക് മറ്റുള്ളവർക്ക് നന്മവരുത്തുവാനും തിന്മകൾ തട്ടി മാറ്റുവാനും സാധിക്കുമെന്ന് വിശ്വസിക്കുന്നവരെ നമുക്ക് കാണാവുന്നതാണ്. ചിലരാവട്ടെ അമ്പിയാക്കൾക്കും ഔലിയാക്കൾക്കും പ്രപഞ്ചത്തിന്റെ നിന്ത്രണത്തിൽ പോലും പങ്കുണ്ടെന്ന് വിശ്വസിക്കുന്നു . മറ്റു ചിലരുടെ വിശ്വാസമനുസരിച്ച് ഔലിയാക്കൾ എന്ന് വിശ്വസിക്കപ്പെടുന്ന ചില മഹൽവ്യക്തികൾക്ക് ചരടും, നൂലും, ഉറുക്കും ഉപയോഗിച്ചുകൊണ്ട് മറ്റുള്ളവരെ വിഷജന്തുക്കളിൽ നിന്ന് രക്ഷിക്കുവാനും പിശാചു ബാധയിൽ നിന്ന് സുരക്ഷയേകുവാനും

സ്നേഹവും നന്മയും വരുത്തുവാനും അവർക്ക് ഉണ്ടായേക്കാവുന്ന തിന്മ തടുക്കുവാനും സാധിക്കുമെന്ന് കരുതുന്നു.ചിലർ സന്താന സൗ




ഭാഗ്യത്തിനായ് ഏലസ് ധരിക്കുന്നു. മറ്റു ചിലർ സ്നേഹവും പൊരുത്തവും നേടുവാനും ഇപ്രകാരം ചെയ്യുന്നു. ഇതെല്ലാം വിശ്വാസത്തിന്റെ ദൗർബല്ല്യം കൊണ്ട് സംഭവിക്കുന്നതത്രെ. അതോടൊപ്പം രണ്ട് തരം കുറ്റങ്ങളിൽ അവർ അകപ്പെടുകയും ചെയ്യുന്നു.

**ഒന്ന് :**

നന്മവരുത്തുവാനും തിന്മ തടുക്കുവാനും അല്ലാഹു അല്ലാത്തവർക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്നു .ഇത് അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. കാരണം അല്ലാഹു പറയുന്നു

قُلْ أَفَرَأَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ إِنْ أَرَادَنِيَ اللَّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ قُلْ حَسْبِيَ اللَّهُ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ} سورة الزمر(38)


(പറയുക, അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെ കണ്ടുവോ. അല്ലാഹു വല്ല ഉപദ്രവത്തേയും എനിക്ക് ഉദ്ദേശിച്ചെങ്കിൽ, അവന്റെ ഉപദ്രവം നീക്കിക്കളയുന്നവയാണോ അവ. അല്ലെങ്കിൽ, അവ എനിക്ക് വല്ല കാരുണ്യത്തേയും ഉദ്ദേശിച്ചാൽ അവന്റെ കാരുണ്യം പിടിച്ചു വെക്കുന്നവയാണോ അവ. പറയുക എനിക്ക് അല്ലാഹു മതി. ഭരമേൽപ്പിക്കുവർ അവന്റെ മേൽതന്നെ ഭരമേൽപ്പിക്കുന്നതാണ്.) സൂറത്ത് സുമർ :38

ഇപ്രകാരം ചെയ്യുമ്പോൾ അല്ലാഹു അല്ലാത്തവർക്ക് സ്വമേധയാ തന്നെ നന്മവരുത്തുവാനും തിന്മ തടുക്കുവാനും സാധിക്കുമെന്ന് വിശ്വസിക്കാതെ, കേവലം അതിനുള്ള ഒരു കാരണം ആയേക്കാം എന്ന് മാത്രം വിശ്വസിച്ചാലും അത് ശിർക്കായി മാറുന്നതാണ്. കാരണം അല്ലാഹുവിനെ കുറിച്ച് അറിയാത്തത് പറയലാണത്. അത് മേൽ പറഞ്ഞതിന് കാരണമാകുമെന്നതിന് എന്ത് തെളിവാണുള്ളത്? അതിനാൽ തന്നെ മതപരമോ ഭൗതികമോ ആയ യാതൊരു തെളിവുമില്ലാതെ (മരുന്നു പോലെ) അവ കാര്യം നേടുവാനോ ബർക്കത്തിന് (അനുഗ്രഹം) ലഭി

ക്കുവാനോ ഉള്ള കാരണമായേക്കാം എന്നു വിശ്വസിക്കുന്നതും ചെറിയ ശിർക്കിൽ അകപ്പെടുവാൻ ഇടയായേക്കാം.

**രണ്ട്:**

അല്ലാഹു അല്ലാത്തവയുമായിട്ടാണ് കാര്യ കാരണങ്ങൾക്കതീതമായി ബന്ധപ്പെടുന്നത്. അപ്രകാരം വല്ലവസ്തുക്കളുമായി ബന്ധപ്പെടുന്നതിലൂടെ ആ വസ്തുക്കളിലാണ് ഭരമേൽപ്പിക്കപ്പെടുന്നത്. അല്ലാഹു അല്ലാത്തവരിൽ ഭരമേൽപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ ദൗർബല്യവും ചാപല്യവുമുള്ളതിലേക്കത്രെ അവർ ഭരമേൽപ്പിക്കുന്നത്. ഉറുക്ക്, ഏലസ് പോലുള്ളവ എഴുതി ക്കെട്ടുന്നത് പാടില്ലാത്ത കാര്യമാണെന്ന് ഖണ്ഡിതമായ ധാരാളം തെളിവുകളിലൂടെ വിലക്കപ്പെടുകയും ചെയ്തിരിക്കുന്നു. അപ്രകാരം എഴുതിക്കൊടുത്തത് വിശുദ്ധ ഖുർആനിൽ നിന്നുള്ളതാണെങ്കിലും അല്ലെങ്കിലും ശരി. ഇമാം അഹ്മദും അബൂദാവൂദും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം .അബ്ദുള്ള ഇബ്നുമസ്ഊദ്(رضي الله عنه) വിൽ നിന്നു നിവേദനം. നബി (ﷺ) പറഞ്ഞിരിക്കുന്നു.




( إِنَّ الرُّقَى وَ التَّمَائِمَ وَالتِّوَلَةَ شِرْكٌ )

(നിശ്ചയം ഉറുക്കും ഏലസും മന്ത്രങ്ങളും ശിർക്കാകുന്നു.)

അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം. ഉഖ്ബത്ത് ഇബ്നു ആമിർ(رضي الله عنه)വിൽ നിന്നു നിവേദനം. നബി (ﷺ)പറഞ്ഞിരിക്കുന്നു.

(مَنْ تَعَلَّقَ تَمِيمَةً فَلَا أَتَمَّ اللهُ لَه )

(ആരെങ്കിലും ആഗ്രഹ പൂർത്തീകരണത്തിനു വേണ്ടി ഏലസ് കെട്ടിയാൽ അല്ലാഹു അത് പൂർത്തിയാക്കാതിരിക്കട്ടെ.)

ഇമാം അഹ്മദും തിർമുദിയും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ

ഇപ്രകാരം കാണാം. അബ്ദുള്ള ഇബ്നുഹക(رضي الله عنه)വിൽ നിന്നു നിവേദനം. ( مَنْ تَعَلَّقَ تَمِيمَة فقد أَشْرَك )
(ആരെങ്കിലും ആഗ്രഹപൂർത്തീകരണത്തിനു വേണ്ടി ഏലസ് കെട്ടിയാൽ അവൻ അല്ലാഹുവിൽ പങ്ക് ചേർത്തിരിക്കുന്നു.)

ഇമാം അഹ്മദ് തന്റെ മുസ്നദിൽ റിപ്പോർട്ട് ചെയ്ത മറ്റൊരു സംഭവം കാണുക. ഇംറാൻ ഇബ്നു ഹുസൈൻ(رضي الله عنه)വിൽ നിന്നു നിവേദനം. കൈയ്യിൽ ചെമ്പ് കൊണ്ടുള്ളൊരു വളയം ധരിച്ച ഒരാളെ നബി(ﷺ) കണ്ടു.അപ്പോൾ നബി(ﷺ) അയാളോട് അതിനെകുറിച്ച് വിശദീകരണം ചോദിച്ചു. അയാൾ പറഞ്ഞു.വാതരോഗത്തിൽ നിന്ന് ശമനം ലഭിക്കാൻ വേണ്ടി കെട്ടിയതാണ്. അപ്പോൾ നബി(ﷺ) അയാളോട് പറഞ്ഞു. (നീ അഃ ഊരി കളയുക. അതുമൂലം നിനക്ക് പ്രയാസമല്ലാതെ വർദ്ധിപ്പിക്കുകയില്ല. മാത്രമല്ല, ഈ നിലയിലാണ് നീ മരണപ്പെടുന്നത് എങ്കിൽ നീ ഒരിക്കലും വിജയിക്കുകയുമില്ല.)



വകീഹ് സഅദ് ഇബിനു ജുബൈർ(رضي الله عنه)വിൽ നിന്നു നിവേദനം, അദ്ദേഹം പറഞ്ഞു. (ആരിൽ നിന്നെങ്കിലും ഒരു ഏലസ് പൊട്ടിച്ചു കളയുകയാണെങ്കിൽ ഒരു അടിമയെ മോചിപ്പിച്ച പ്രതിഫലം അയാൾക്ക് ഉണ്ടായിരിക്കും.)

ഇബ്റാഹീമിൽ നിന്നും ഇപ്രകാരം ഉദ്ധരിക്കുന്നു.
(ഏലസുണ്ടാക്കി കെട്ടുന്നത് ഖുർആനിൽ നിന്നായിരുന്നാലും അല്ലെങ്കിലും അത് വെറുക്കപ്പെട്ടതാകുന്നു.)

ഇബ്നു അബീഹാതിം ഹുദൈഫ(رضي الله عنه)വിൽ നിന്നു ഉദ്ധരിക്കുന്നു.
(പനി ബാധിച്ച കാരണം കൈയ്യിൽ ഏലസണിഞ്ഞ ഒരാളെ അദ്ദേഹം കണ്ടപ്പോൾ അത് പൊട്ടിച്ചു കൊണ്ട് അദ്ദേഹം ഈ വചനം ഓതുകയുണ്ടായി.)

﴿وَمَا يُؤْمِنُ أَكْثَرُهُمْ بِاللهِ إِلاّ وَهُمْ مُشْرِكُون﴾ يوسف:106

(അവരിൽ അധികം ആളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നില്ല. പങ്ക് ചേർക്കുന്നവരായിക്കൊണ്ടല്ലാതെ.) യൂസുഫ് 106

ജാഹിലിയ്യാ കാലഘട്ടങ്ങളിൽ അറബികൾ തങ്ങളുടെ കുട്ടികൾക്ക് അപകടങ്ങൾ വരാതിരിക്കുവാനും കണ്ണേറ് ഏൽക്കാതിരിക്കുവാനും വേണ്ടി ധരിപ്പിച്ചിരുന്ന ഒരുതരം ഏലസിനാണ് 'തമീമ്' എന്ന് പറയപ്പെടുന്നത്.എന്നാൽ ഇസ്ലാം ഈ വിശ്വാസം ഇല്ലാതാക്കുകയും, തിന്മകൾ തടുക്കുന്നത് അല്ലാഹുവാണെന്ന് പഠിപ്പിക്കുകയും ചെയ്തു.


الصورة من كتاب انهم ليسوا بشيئ

ഇപ്രകാരം തന്നെയാണ് ചില ഡ്രൈവർമാർ തങ്ങൾക്ക് അപകടങ്ങൾ വരാതിരുക്കുവാനും രക്ഷ ലഭിക്കുന്നതിനുമായി അവരുടെ വാഹനങ്ങളിൽ കറുത്ത ചരടും അതുപോലുള്ള മറ്റു വസ്തുക്കളും കെട്ടിവെക്കാറുണ്ട്. ഇവയെല്ലാം ബഹുദൈവ വിശ്വാസത്തിൽപെട്ട കാര്യങ്ങളാണ്.

അല്ലാഹുവിന്റെ സംരക്ഷണം ആവശ്യമുള്ളവർ അവന്റെ നിയമ നിർദ്ദേശങ്ങൾ പാലിക്കുകയും വിരോധങ്ങളിൽ നിന്ന് അകന്ന് ജീവിക്കുകയും ചെയ്യട്ടെ. കാരണം നബി(ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു.

( إِحْفَظِ اللهَ يَحْفَظْكَ )

(നീ അല്ലാഹുവിനെ സൂക്ഷിക്കുക.എന്നാൽ അല്ലാഹു നിന്നെയും സൂക്ഷിക്കും.)

വിശുദ്ധ ഖുർആൻ പതിവായി പാരായണം ചെയ്യുക, രാവിലേയും വൈകുന്നേരവും ചൊല്ലേണ്ട സ്ഥിരപ്പെട്ട ദിക്റുകളും പ്രാർത്ഥനകളും പതിവാക്കുക എന്നിവ അല്ലാഹുവിന്റെ സംരക്ഷണം ലഭിക്കുവാൻ കാരണമായേക്കാം. മുകളിൽ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുന്ന മുസ്ലിം, തന്റെ മുഴുവൻ പ്രതീക്ഷകളുടേയും അത്താണിയായി അല്ലാഹുവിനെ കാണുകയും അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുവാനുള്ള വിശ്വാസം സുശക്തമാക്കുകയും ചെയ്യുന്നു. സന്തോഷത്തിന്റെയും ദുഖത്തിന്റെയും സന്ദർഭ ങ്ങളിലും അല്ലാഹുവിൽ അഭയം



കണ്ടെത്തുന്നു.അങ്ങനെ നബി(ﷺ) ഇബ്നുഅബ്ബാസ്(ﷺ)വിന് നൽകിയ ഉപദേശം ജീവിതത്തിൽ പുലർത്തുകയും ചെയ്യുന്നു.

തുർമുദി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്ന് നിവേദനം. നബി(ﷺ) അദ്ദേഹത്തോട് പറഞ്ഞു. (കുട്ടീ, നിനക്ക് ഞാൻ ചില വചനങ്ങൾ പഠിപ്പിച്ചു തരാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നാൽ അല്ലാഹു നിന്നെയും സൂക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക.എന്നാൽ നിന്റെ മുമ്പിൽ നിനക്ക് അല്ലാഹുവിനെ കണ്ടെത്താം. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുന്നുവെങ്കിൽ അല്ലാഹുവിനെ കൊണ്ട് സഹായം തേടുക, നീ അറിയുക. സർവ്വ മനുഷ്യരും ഒരുമിക്കുകയും നിനക്ക് ഒരു നന്മ വരുത്തുവാൻ അവർ എല്ലാവരും ഏകോപിച്ച് തീരുമാനിക്കുകയും ചെയ്താലും അല്ലാഹു കണക്കാക്കിയതല്ലാതെ നിനക്ക് ഒരു ഉപകാരവും ചെയ്യാൻ അവർക്ക് സാധിക്കുകയില്ല. അവർ എല്ലാവരും ഒരുമിക്കുകയും നിനക്ക് ഒരു തിന്മ വരുത്തുവാൻ അവർ എല്ലാവരും ഏകോപിച്ച് തീരുമാനിക്കുകയും ചെയ്താലും അല്ലാഹു കണക്കാക്കിയതല്ലാതെ നിനക്ക് ഒരു ഉപദ്രവവും ചെയ്യാൻ അവർക്ക് സാധിക്കുകയില്ല. പേനയിലെ മഷി വറ്റുകയും പേജുകൾ ഉയർത്തപ്പെടുകയും ചെയ്തിരിക്കുന്നു.)

അപ്രകാരം അത് പ്രാവർത്തികമാക്കുന്നുവെങ്കിൽ അവൻ നന്മ കൊണ്ട് സന്തോഷിക്കട്ടെ. എന്നാൽ നിശ്ചയം അയാൾ അല്ലാഹുവിന്റെ സംരക്ഷണത്തിലും ഉപജീവനത്തിലും തന്നെയായിരിക്കും. അതാണ് ഈ വചനം പഠിപ്പിക്കുന്നതും.

(ومنْ يَتَوَكَّلْ عَلَى اللهِ فَهُوَ حَسْبُهُ ) (الطلاق :3)

(ആര് അല്ലാഹുവിന്റെ മേൽ (കാര്യങ്ങളെല്ലാം) ഭരമേൽപ്പിക്കുന്നുവോ അവന് അവൻ തന്നെ മതിയാകും.) സൂറത്ത് ത്വലാഖ് :3.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*******